<u>പതിമൂന്നാം കേരള നിയമസഭ</u>
<u>പന്ത്രണ്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1294 04/12/2014-ൽ മറുപടിയ്ക്ക്

<u>കൊല്ലങ്കോട് ബൈപ്പാസ് റോഡ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് പട്ടണത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് അനുവദിച്ച കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;<br><br>(ബി) എലവഞ്ചേരി, കൊല്ലങ്കോട്, കൊല്ലങ്കോട്-II എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി കൊടുക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത് ; | <u>(എ) & (ബി)</u><br><br>കൊല്ലങ്കോട് ബൈപ്പാസിനു വേണ്ടി 14.5204 ഹെക്ടർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസ് മുഖാന്തിരം ഏറ്റെടുക്കുവാൻ 30-09-2014-ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ ഭൂവുടമകളുമായി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്താനായാൽ അർത്ഥനാധികാരി തുക ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കാവുന്നതാണ്. വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിലെത്താനായില്ലെങ്കിൽ പുതിയ എൽ.എ. ആക്ടിൽ പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തിയാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ? | (സി) | ജില്ലാ കളക്ടർ ഭൂവുടമകളുമായി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്താനായാൽ അർത്ഥനാധികാരി തുക ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കാവുന്നതാണ്. 2014 ജനുവരി ഒന്ന് മുതൽ നിലവിൽ വന്ന പുതിയ എൽ. എ. ആക്ടിന്റെ അടിസ്ഥാനത്തിലാണ് സ്ഥലമെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുക. നിയമപ്രകാരമുള്ള സമയപരിധിക്കകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.